പതിന്നാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3278 — 10/12/2018 ൽ മറുപടിക്ക്

# സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.വിൻസെന്റ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ഇപ്പോഴത്തെ പ്രവർത്തനം വിശദീകരിക്കാമോ; | (എ) ഉണ്ട്. റവന്യൂ വകുപ്പിന്റെ റെലിസ് എന്ന സോഫ്റ്റ് വെയറും രജിസ്ട്രേഷൻ വകുപ്പിന്റെ പേൾ എന്ന സോഫ്റ്റ് വെയറും സംയോജിപ്പിച്ചാണ് സംസ്ഥാനത്ത് ഓൺലൈൻ പോക്കുവരവ് നടത്തിവരുന്നത്. ഒരു ആധാരം രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും ഡോക്യുമെന്റ് അപ് ലോഡ് ചെയ്യുന്ന മുറയ്ക്ക് അത് ബന്ധപ്പെട്ട വില്ലേജാഫീസുകളിൽ എത്തുകയും ഡാറ്റയും ആധാരവും പരിശോധിച്ച് വില്ലേജാഫീസർക്ക് സ്വീകരിക്കാൻ സാധിക്കുന്നതാണ്. ഡാറ്റായിൽ തെറ്റുണ്ടെങ്കിൽ സബ് രജിസ്ട്രാർക്ക് പ്രസ്തുത വിവരം റിപ്പോർട്ട് ചെയ്യുന്നതിനും തിരുത്തി നൽകുന്നതിന് അപേക്ഷ തിരികെ അയയ്ക്കുവാനും കഴിയുന്നതാണ്. ഇത്തരത്തിൽ കൃത്യതയോടെ ലഭ്യമാകുന്ന അപേക്ഷകളിന്മേൽ സബ്ഡിവിഷൻ ഇല്ലാത്ത കേസുകളിൽ വില്ലേജ് ഓഫീസർക്ക് തീരുമാനമെടുക്കാവുന്നതും പോക്കുവരവ് അംഗീകരിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട കക്ഷിയുടെ മൊബൈൽ നമ്പരിലേയ്ക്ക് തണ്ടപ്പേർ നമ്പർ, സർവ്വെ നമ്പർ എന്നിവ രേഖപ്പെടുത്തി സിസ്റ്റം ഒരു മെസേജ് നൽകുകയും ചെയ്യുന്നു. സബ്ഡിവിഷൻ ഉള്ള കേസുകളിൽ വില്ലേജാഫീസർ റിപ്പോർട്ട് രേഖപ്പെടുത്തി ഓൺലൈൻ ആയി തന്നെ പ്രസ്തുത ഡോക്യുമെന്റ് തഹസിൽദാർക്ക് അയയ്ക്കുകയും തഹസിൽദാർ അപ്രൂവ് ചെയ്യുന്നതനുസരിച്ച് വില്ലേജാഫീസിൽ തിരികെയെത്തുകയും |

| | |
|---|---|
| | വില്ലേജാഫീസർ ഫൈനൽ അപ്രൂവൽ ചെയ്യുന്ന മുറയ്ക്ക് കക്ഷിയ്ക്ക് തണ്ടപ്പേരും സർവ്വെ നമ്പരും രേഖപ്പെടുത്തി മെസേജ് ലഭിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ പ്രോസസ് ചെയ്യപ്പെട്ട പോക്കുവരവിന്റെ ഫീസും, പ്രസ്തുത ഭൂമിയുടെ കരവും കക്ഷിക്ക് ഓൺലൈനായി തന്നെ ഒടുക്കാവുന്നതുമാണ്. |
| (ബി) ഈ സർക്കാർ പ്രസ്തുത പദ്ധതിക്കായി എന്ത് തുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ; | (ബി) 2016/17, 2017/18, 2018/19 എന്നീ 3 വർഷങ്ങളിലായി നാളിതുവരെ 13.79 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) ഇനി എത്ര വില്ലേജുകളിൽ ഈ പദ്ധതി നടപ്പിലാക്കാനുണ്ട്; | (സി) ആകെയുള്ള 1664 വില്ലേജുകളിൽ 1615 വില്ലേജുകളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ബാക്കിയുള്ള 49 വില്ലേജുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുവാനുണ്ട്. |
| (ഡി) ഇത് നടപ്പിലാക്കുന്നതിൽ പിന്നോക്കം നിൽക്കുന്ന ജില്ല എതാണ് എന്ന് അറിയിക്കുമോ? | (ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ കൂടുതൽ വില്ലേജുകൾ അവശേഷിക്കുന്നത് കണ്ണൂർ ജില്ലയിലാണ്. |

സെക്ഷൻ ഓഫീസർ